## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 818** **11-02-2025 - ൽ മറുപടിയ്ക്ക്**

## സാമൂഹികാവകാശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വനാവകാശ നിയമത്തിലെ സാമൂഹികാവകാശം വഴി പട്ടികവർഗ്ഗ നഗറുകൾക്ക് എത്ര ഹെക്ടർ വനഭൂമി ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | (എ) | **സാമൂഹിക അവകാശം വഴി 261 അപേക്ഷകൾക്കായി ആകെ 3,19,156.33 ഹെക്ടർ വനഭൂമി ലഭ്യമായിട്ടുണ്ട്. സാമൂഹിക അവകാശത്തിനായി സമർപ്പിക്കപ്പെട്ട 280 അപേക്ഷകൾ കൂടി തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.** |
| (ബി) | അതിൽ വിഭവശേഖരണം മാത്രമല്ലാതെ എന്തെല്ലാം പദ്ധതികളാണ് വകുപ്പ് പ്ലാൻ ചെയ്തിരിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | **സാമൂഹികാവകാശങ്ങളിൽ താഴെപറയുന്നവ ഉൾപ്പെടുന്നു.<br><br>വനാവകാശ നിയമം 2006 പ്രകാരം പരമ്പരാഗതമായി അനുഭവിച്ച പോരുന്ന ഏത് തരം സമൂഹാവകാശങ്ങളും (വന്യമൃഗങ്ങളെ നായാടാൻ ഉള്ള അവകാശം ഒഴികെ) ഈ നിയമപ്രകാരം അനുവദനീയമാണ്.<br><br>ചെറുകിട വനവിഭവങ്ങൾ (സ്വന്തം ആവശ്യത്തിനും സംസ്കരിച്ചോ അല്ലാതെയോ വിപണനം ചെയ്യാനുമുള്ള അവകാശം), മത്സ്യം തുടങ്ങിയ മറ്റ് ജലവിഭവങ്ങൾ, കന്നുകാലി മേയ്ക്കൽ, ദേശാടനവുമായി ബന്ധപ്പെട്ട അവകാശങ്ങൾ എന്നിവ.<br><br>പ്രാക്തന ഗോത്ര വിഭാഗങ്ങൾക്കും മറ്റുപൂർവ്വ-കാർഷിക സമൂഹങ്ങൾക്കും അവരുടെ ആവാസ മേഖലകളിൽ സ്വന്തമായി വ്യാപരിക്കുന്നതിനുള്ള അവകാശം<br><br>പരമ്പരാഗതമായി സംരക്ഷിച്ചുപോരുന്ന ജൈവവൈവിധ്യാനുബന്ധിയായതും അല്ലാത്തതുമായ വനവിഭവങ്ങളും മറ്റ് പാരമ്പര്യ അറിവുകളും സമൂഹത്തിന്റെ പൊതുസ്വത്തായി വയ്ക്കുവാനുള്ള അവകാശം;<br><br>സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള ഏത് തരം അവകാശങ്ങളും (പരമ്പരാഗതവും** |

| | | | |
|---|---|---|---|
| | | | **സാമുദായികവുമായ) ഈ നിയമപ്രകാരം വനവാസികൾക്ക് ലഭ്യമാണ്.**<br><br>**സാമൂഹിക വനാവകാശം ലഭിച്ച ഉന്നതികളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും, ഫിഷറീസ്, കൃഷി വകുപ്പുകളുമായി ചേർന്ന് ജീവനോപാധി പദ്ധതികൾ നടപ്പിലാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു.** |
| (സി) | നിയമപ്രകാരം മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് സ്വന്തം നിലയിൽ ശാക്തീകരണം സാധ്യമാക്കിയ ഏതെങ്കിലും പട്ടികവർഗ്ഗ ജനത സംസ്ഥാനത്തുണ്ടോ; വ്യക്തമാക്കുമോ? | (സി) | **ഉണ്ട്. തൃശ്ശൂർ ജില്ലയിൽ 9 സാമൂഹിക വനവിഭവ മേഖലാ പരിപാലന കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ